# പ്രവർത്തനങ്ങൾക്ക് പ്രതിഫലമായി ദുനിയാവ് ഉദ്ദേശിക്കുന്നവർ

അല്ലാഹു ﷻ പറഞ്ഞു:

﴿ مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَـٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ۝١٥ أُو۟لَـٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْـَٔاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟ فِيهَا وَبَـٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴾

(ഐഹിക ജീവിതത്തേയും അതിന്റെ അലങ്കാരത്തേയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റികൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞു പോയിരിക്കുന്നു. അവർ ചെയ്തു കൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ.) (വി. ക്വു. 11: 15,16)

അബൂഹുറയ്റ رضي الله عنهവിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«تَعِسَ عبدُ الدّينارِ تَعِسَ عبدُ الدّرهمِ تَعِسَ عبدُ الخَميصةِ تَعِسَ عبدُ الخميلة: إن أعطِيَ رضيَ وإن لم يُعْطَ سَخِطَ, تَعِسَ وانتَكَسَ, وإذا شِيكَ فلا انتُقِشَ. طَوبى لعَبدٍ آخِذ بعِنانِ فرَسهِ في سبيلِ الله, أشعثٍ رأسُهُ مغبرةٍ قدماهُ, إن كان في الحراسةِ كان في الحراسةِ, وإن كان في الساقة كان في الساقة. إنِ استأذَنَ لم يؤذَنْ له, وإن شَفَعَ لم يُشَفّعْ».

“ദീനാറിന്റെ അടിമ നശിക്കട്ടെ. ദിർഹമിന്റെ അടിമ നശിക്കട്ടെ. പട്ടുവസ്ത്രത്തിന്റെ അടിമ നശിക്കട്ടെ. മുന്തിയ ഉടയാടകളുടെ അടിമ നശിക്കട്ടെ. അവന് നൽകപ്പെട്ടാൽ അവൻ തൃപ്തിയടയും.

കിട്ടിയില്ലെങ്കിൽ കോപിക്കും. അവൻ അധഃപതിച്ചു, മുള്ളു കുത്തിയാൽ അത് പുറത്തെടുക്കാനാവുകയില്ല. ഒരടിമക്ക് മംഗളം, അയാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നു, മുടി ജടകുത്തിയിരിക്കുന്നു. ഇരുകാലുകളും പൊടി പുര ിരിക്കുന്നു. കാവലിലാണെങ്കിൽ അയാൾ കാവലിൽ തന്നെ. കാലാൾപടയിലാണെങ്കിൽ അയാൾ കാലാൾ പടയിൽ തന്നെ. അയാൾ (മേലാളന്മാരോട്) അനുവാദം ചോദിച്ചാൽ (അവൻ അവർക്ക് കിടയൊത്തവനല്ല എന്നതിനാൽ) അനുവാദം നൽകപ്പെടുകയില്ല. അയാൾ (മേലാളന്മാരോട്) ശുപാർശ ചെയ്താൽ അത് (അവൻ അവർക്ക് കിടയൊത്തവനല്ല എന്നതിനാൽ) സ്വീകരിക്കപ്പെടുകയുമില്ല.'' (ബുഖാരി)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- പരലോകത്തിന്റെ പ്രവൃത്തിക്ക് ഒരു മനുഷ്യൻ ദുനിയാവ് ഉദ്ദേശിക്കൽ.
- സൂറത്ത് ഹൂദിലെ ആയത്തിന്റെ തഫ്സീർ.
- മുസ്‌ലിമായ ഒരു മനുഷ്യന് അബ്ദുദ്ദീനാർ, അബ്ദുദ്ദിർഹം, അബ്ദുൽക്വമീസ്വഃ എന്നിങ്ങനെ പേരു പറയൽ.
- താൻ നൽകപ്പെട്ടാൽ തൃപ്തിപ്പെടുകയും നൽകപ്പെട്ടിട്ടില്ലെങ്കിൽ കോപിക്കുകയും ചെയ്യുമെന്നുള്ളതാണ് പ്രസ്തുത നാമകരണത്തിന്റെ വിശദീകരണം.
- ''അവൻ അധഃപതിച്ചു'' എന്ന പ്രവാചകൻﷺയുടെ വാക്ക്.
- ''മുള്ളുകുത്തിയാൽ അത് പുറത്തെടുക്കാനാവുകയില്ല.'' എന്ന പ്രവാചകൻﷺയുടെ വാക്ക്.
- അബൂഹുറയ്റ(رضي الله عنه)വിന്റെ ഹദീഥിൽ പറയപെട്ട വിശേഷണങ്ങളൊത്ത മുജാഹിദിനുള്ള പ്രശംസ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**